a fall of 19,371·39 proof gallons compared with the year 1106. Similarly also the number of trees licensed for tapping also fell in 1107.

MR. M. N. PARAMESVARAN PILLAI: Will it not show that the Government liquor has been replaced by illicit liquor?

MR. C. O. MADHAVAN: That is the difficulty. If the quantity consumed falls it is open to the inference that illicit liquor is taking its place. But if it goes high the inference is that the drink habit is spreading. That is a difficult situation.

MR. M. N. PARAMESVARAN PILLAI: Is it a fact that properties of several shop-holders were sold for realisation of the rentals? Do you propose any remission in that case?

MR. C. O. MADHAVAN: Remission was granted in the year 1106 and 1107, For 1108 no remission was granted. There was a great fall in rentals for the years 1108 and 1109. The shops were disposed at a time when the economic depression was in full swing. So Government did not consider it necessary to grant any remission.

MR. S. PIRAVIPERUMAL PILLAI: May I know from the Commissioner the reason for the increase in the number of offences relating to smuggling?

MR. C. O. MADHAVAN: Increase in the number of offences may be due to several causes. For instance the number of cases of smuggling of tobacco in 1107 and 1108 was much larger than in all the previous years. On account of economic depression, probably, people resort more and more to such practices. From the year 1097 the quantity of smuggled tobacco seized was2,000 to 3,000 pounds per annum. But in 1107 it went above 11,000 pounds. In 1108 the big seizures alone amounted to over 12,000 pounds and we have not yet got statements in full for the whole year.

MR. KOCHIKAL P. BALAKRISHNAN TAMPI: I beg leave to withdraw the motion.

The motion was, by leave, withdrawn.

PRESIDENT: I put it that the demand under item No. III-Excise Department for Rs. 6,27,401 is passed.

The grant was made.

DEMAND IV—INDUSTRIES.

MR. K. GEORGE: Sir, I move for a grant of Rs. 15,96,444 under Demand No. IV—Industries.

MR. N. K. PADMANABHA PILLAI: ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെൻറിൽ ഒട്ടുവളരെ വിദഗ്ധന്മാർ ഉണ്ട് എന്ന് ഒരു പരാതി ജനങ്ങളുടെഇടയിൽ ഉണ്ട്. എന്നാൽ വിദഗ്ധന്മാർ കൂടുതൽ ഉള്ള ഇകൊണ്ടു തരക്കേടില്ലെന്നാണ് എന്റെ അഭിപ്രായം. അവർക്ക ശമ്പളം വളരെ കൂടുതൽ കൊടുത്തിരിക്കുന്നു. അവരുടെ ശമ്പളം കുറെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

റവുചെയ്യുന്നതായാൽ അതുനിമിത്തം ജനങ്ങൾക്കു ഉപയോഗമുണ്ടാകുക യും ജനങ്ങളുടെ പരാതി ഇല്ലാതാകുകയും ചെയ്യും. കുറഞ്ഞ ചെലവു ശമ്പ ളത്തിൽ നമുക്കു വിദഗ്ധന്മാരെ കിട്ടുന്നതിനു യാതൊരുവിഷമവുംഇല്ല. ഇന്നത്തെ വ്യവസായഡയറക്ടർ പുതിയപുതിയ ആശയങ്ങൾ ഉള്ള ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം വിദേശങ്ങളിൽപോയി പുതിയവ്യവ സായങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട് എന്നാണ് എന്റെ അറിവ്. അവയെ ഈ രാജ്യത്തു നടപ്പിൽ വരുത്തുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യുക ടുതൽ പണം അതിലേക്കു അനുവദിച്ചു കൊടുക്കേണ്ടതാണ്. തന്നിമി ത്തം ജോലിയില്ലാതിരിക്കുന്ന അനേകം ആളുകൾക്കു ജോലികിട്ടുന്നതി നും ഇടയാകുന്നതാണ്. കൂടുതൽ ശമ്പളംകൊടുത്തു നിയമിച്ചിരിക്കു ന്ന വിദഗ്ധന്മാരെക്കൊണ്ടു അവരുടെ ശമ്പളത്തിനു അനുസരണമായ ജോലിക്രമം നടത്തിക്കുന്നതിനു പണം അനുവദിച്ചു അവരെക്കൊണ്ടുജോ ലി എടുപ്പിക്കുന്നതിനു ഡയറക്ടർ പ്രത്യേകം നിഷ്കർഷചെയ്യണ മെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. A. N. VISVANATHA PILLAI: ഇൻഡസ്ട്രിയൽ ഡിപ്പാ ർട്ടുമെൻറ് ഉദ്ദേശം പതിനഞ്ചുകൊല്ലങ്ങളായി ഈ നാട്ടിൽ ജോലിചെ യ്തുവരുന്നുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ കുറെ അധികം വിദഗ്ധന്മാരു ണ്ട്. ഈവിദഗ്ധന്മാർ എന്തുചെയ്യുന്നുഎന്നു ജനങ്ങൾക്കു അറിയാൻ വ ളരെ ആഗ്രഹമുണ്ട്. അവർ പറയുന്ന ശമ്പളത്തിനനുസരണമായി ജോലി ചെയ്യുന്നില്ല എന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. തിരുവിതാംകൂ റിൽ അസംസ്കൃതസാധനങ്ങൾ ധാരാളമായിട്ടുണ്ട്. പ്രകൃതിവിഭവങ്ങൾ ഇത്ര അധികമുള്ള സ്ഥലം ഭാരതഖണ്ഡത്തിൽ ഉണ്ടോ എന്നു സംശയമാ ണ്. അങ്ങനേയുള്ള ഈ രാജ്യത്തു പലതരത്തിലുള്ള വ്യവസായങ്ങൾ നടത്തുന്നതിനു സൌകര്യമുണ്ടായിരിക്കെ അതിനൊന്നിനും ശ്രമിക്കാതെ ഇരിക്കുന്നതു് ഏറ്റവും വ്യസനമുണ്ടാകുന്ന സംഗതിയാണ്. തിരുവിതാം കൂറിലെ തെങ്ങുകളിൽനിന്നും എടുക്കുന്ന വെളിച്ചെണ്ണ ഒന്നാംതരമാണെ ന്നും അതിന്റെ കച്ചവടം നന്നാക്കാൻ ശ്രമിക്കാത്തതുകൊണ്ടു യൂറോ പ്പ്, അമേരിക്ക, എന്നീരാജ്യങ്ങളിൽ അതു് ധാരാളം ചിലവാകുന്നില്ലെ ന്നും ഇവിടെ ദിവാൻജിയായിരുന്ന പരേതനായ മി. വാട്സ് അദ്ദേഹ ത്തിന്റെ ഒരു ലേഖനത്തിൽ എഴുതിയിട്ടുള്ളതായി ഞാൻ ഓർക്കുന്നു. ഹൈഡ്രോളിക് പ്രഷർ ഉപയോഗിച്ചു കൊപ്രാ ആട്ടിയെടുത്താൽ എണ്ണ

LIBRARY ARCHIVES Kerala Legislative Assembly

യും പിണ്ണാക്കും ഇപ്പോഴത്തേക്കാൾ കൂടുതൽ കിട്ടുന്നതാണ്. ഈ യന്ത്രങ്ങൾ ഉപയോഗിച്ച് എണ്ണ എടുത്താൽ അതിന്റെ കപ്പാളിറ്റി നന്നായിരിക്കുമെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഇവിടേയുള്ള വെളിച്ചെണ്ണ ഇൻഡ്യയുടെ നാനാഭാഗങ്ങളിലും ഉള്ള ആളുകൾ പ്രത്യേകിച്ചും സ്വീകരിച്ചു തുടങ്ങിയിൽതേക്കുന്നതിനു വളരെ കൌതുകം പ്രദർശിപ്പിച്ചുവരുന്നു. ഈ വെളിച്ചെണ്ണയിൽ വാസനദ്രവ്യങ്ങൾ ചേർത്തു തയ്യാറാക്കുന്നതായാൽ അതു് ഒരു നല്ല വ്യവസായമായിത്തീരുന്നതാണ്. ബങ്കാളിലെ കെമിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും ഇവിടെവരുന്ന എണ്ണകൾക്ക് അതിന്റെ ശരിയായ വിലയുടെ അഞ്ചിരട്ടിയും പത്തിരട്ടിയും കൊടുത്തു നാം വാങ്ങിക്കുന്നുണ്ട്. കൊപ്രായിൽനിന്നും കൊക്കോജംപോലേയുള്ള പല ആഹാരസാധനങ്ങളും ഉണ്ടാക്കാവുന്നതാണ്. അതിനേക്കുറിച്ചു ഡിപ്പാർട്ടുമെൻറു യാതൊന്നും പ്രവൃത്തിച്ചിട്ടുള്ളതായികാണുന്നില്ല. സാധിക്കാത്ത കായ്ങ്ങൾക്കുവേണ്ടിമാത്രം അവർ സമയവും പണവും ചിലവാക്കുന്നതല്ലാതെ നാട്ടിലുള്ള വിഭവങ്ങളെ സംബന്ധിച്ചു കൂടുതലായി എന്തെങ്കിലും പരീക്ഷണം നടത്തിയിട്ടുണ്ടോ എന്നുള്ളകാര്യം സംശയമാണ്. ചകരി, കയർ, ഇവകൊണ്ടു നല്ലതരത്തിലുള്ള കാർപ്പെറ്റ് ഉണ്ടാക്കാം. ചകരിയും കയറും ഇവിടെ ധാരാളമായി കിട്ടുന്നതുകൊണ്ട് ഒന്നാംതരത്തിലുള്ള കാർപ്പെറുകൾ ഉണ്ടാക്കി വിദേശങ്ങളിലേക്കയച്ചാൽ അതിനു വളരെ കൂടുതൽ വില കിട്ടുന്നതാണ്. റബ്ബർകൊണ്ടും പല സാധനങ്ങൾ ഉണ്ടാക്കാം. ഇന്നർറ്റ്യൂബ്, ഔട്ടർറ്റ്യൂബ്, കളിപ്പാട്ടങ്ങൾ, ഷൂസ്, എന്നിങ്ങനെ പല സാധനങ്ങളും റബ്ബർകൊണ്ടുണ്ടാക്കാവുന്നതാണ്. ജപ്പാനിൽനിന്നും വളരെ സാധനങ്ങൾ ഇപ്രകാരം ഉണ്ടാക്കിഅയയ്ക്കുന്നുണ്ട്. അതു ജപ്പാനിലെ ഒരു കാട്ടേജ് ഇൻഡസ്ട്രിയാണ്. അതിനേക്കുറിച്ച് ഇവിടെ എന്തെങ്കിലും പരീക്ഷണം നടത്തിട്ടുണ്ടോ? കടലാസുണ്ടാക്കുന്നതിനാവശ്യമുള്ള പൾപ്പ് ഇവിടത്തെ വനങ്ങളിൽനിന്നും ധാരാളമായി കിട്ടുന്നതാണ്. ഈമാതിരി ഈ നാട്ടിലുള്ള ഉല്പന്നങ്ങളെ തീരെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

അതുപോലെ കളിമണ്ണുകൊണ്ടും പലതരത്തിലുള്ള വ്യവസായങ്ങളും നടത്താം. ചൈനാ കളിമണ്ണുകൊണ്ട് ഉണ്ടാക്കുന്ന സാധനങ്ങളേക്കാൾ മെച്ചമായി ഈ നാട്ടിലെ കളിമണ്ണുകൊണ്ടു ഭരണി, കപ്പ്, സാസർ, മുതലായസാധനങ്ങൾ നിർമ്മിക്കാവുന്നതാണ്. ഈ സാധനങ്ങൾ ഉണ്ടാക്കുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും ശ്രമിച്ചിട്ടുണ്ടോ? ഇങ്ങനെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ആവശ്യമുള്ള സംഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha Pillai.]

ഒന്നും ചെയ്യുന്നില്ലെന്ന വീണ്ടുംവീണ്ടും വ്യസനസമേതം പ്രസ്താപിച്ചുകൊള്ളുന്നു.

തീപ്പെട്ടി ഉണ്ടാക്കുന്നതിനു ആവശ്യമുള്ള തടി നമ്മുടെ വനങ്ങളിൽനിന്നു സുലഭമായി ലഭിക്കുന്നതാണു്. തീപ്പെട്ടിവ്യവസായം ഒരു കാട്ടേജ് ഇൻഡസ്ട്രിആക്കി ലഘുലേഖനകൾ പരസ്യം ചെയ്യുംമറും ജനങ്ങളെ പഠിപ്പിക്കുന്നതായാൽ ജനങ്ങൾക്കു അതു വലിയ ഉപകാരപ്രദമായിത്തീരുന്നതാണു്. ഇതിനേസംബന്ധിച്ചും ഡിപ്പാർട്ടുമെൻറു യാതൊന്നും പ്രവർത്തിച്ചിട്ടുള്ളതായി തോന്നുന്നില്ല: ഞാൻ പ്രതിനിധീകരിക്കുന്ന കരുനാഗപ്പള്ളി താലൂക്കിൽ മെത്തപ്പാനെയ്ത്തു് ഒരു കൈത്തൊഴിലായി നടത്തിവരുന്നുണ്ടു്. ഡാക്ടർ കഞ്ഞൻപിള്ള വെംബ്ളി എക്സിബിഷനുപോയിട്ടു തിരിയെ വന്ന അവസരത്തിൽ ഈ മെത്തപ്പായ്ക്കു് യൂറോപ്യൻരാജ്യങ്ങളിൽ ചെലവുണ്ടാകുമെന്നു പ്രസ്താപിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടു്. ഈ വ്യവസായത്തെ പോഷിപ്പിക്കുന്നതിനു് ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊന്നും ചെയ്തിട്ടുള്ളതായി അറിയുന്നില്ല. ഈ വ്യവസായത്തിനു നല്ല മാർക്കറു കണ്ടുപിടിച്ചാൽ ഇതുകൊണ്ടു ഒന്നാംതരത്തിലുള്ള ഫാറും ഉണ്ടാക്കാവുന്നതാണു്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിനും ഡിപ്പാർട്ടുമെൻറിൽനിന്നും ഒന്നും പ്രവൃത്തിച്ചിട്ടില്ല. നമ്മുടെ നാട്ടിൽ എണ്ണ ധാരാളമായി കിട്ടുന്നതാണു്. എണ്ണ ഉപയോഗിച്ചു് സോപ്പുവ്യവസായംനടത്താം. ഇതുകൊണ്ടുതന്നേയാണെന്നുതോന്നുന്നു മലയാളക്കരയുടെ വടക്കേഅറ്റമായ കോഴിക്കോട്ടു് മദ്രാസ് ഗവണ്മെൻറിൽനിന്നും ഒരു സോപ്പുവ്യവസായശാല സ്ഥാപിച്ചിട്ടുള്ളതു്. അതുപോലെ നമ്മുടെ ഗവണ്മെൻറിനും പണം ചെലവാക്കി വ്യവസായശാല ഉണ്ടാക്കി ജനങ്ങളെ പ്രോത്സാഹിപ്പിക്കാവുന്നതാണു്. ഗവണ്മെൻറു മുന്നിട്ടുനിന്നൊ അല്ലെങ്കിൽ ഒരു സ്ഥാപനം ഏർപ്പെടുത്തി അതിൽനിന്നും ധാരാളം ഷെയറുകൾ ഗവണ്മെൻറിൽനിന്നും എടുത്തൊ ഒരു വ്യവസായശാല പുലത്തിക്കൊണ്ടുപോകുവാൻ ഗവണ്മെൻറിനു ഒരു വിഷമവും ഇല്ല.

തിരുവിതാംകൂറിൽ വിവിധങ്ങളായ പഴവർഗ്ഗങ്ങളുണ്ടു്. നേന്ത്രപ്പഴം, പൂവൻ, മാങ്ങ, ഈ വിധത്തിൽ ഒട്ടുവളരെ പഴവർഗ്ഗങ്ങൾ ഉണ്ടു്. ഈ പഴങ്ങളെ സൂക്ഷിച്ചു തയ്യാർചെയ്തു ചീത്തയാകുന്നതിനുമുമ്പു (preserve ചെയ്തു) ഇംഗ്ലണ്ടുമുതലായ രാജ്യങ്ങളിൽ അയക്കുകയാണെങ്കിൽ അതു് ലാഭകരമായ ഒരു വ്യവസായമായിത്തീരുന്നതാണു്. ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടെ ആവശ്യമുള്ള പഴങ്ങൾ കാലിഫോർണിയായിൽ നിന്നുമാണ് ഇറക്കുമതി ചെയ്യപ്പെടുന്നത്. ഇതിനുവേണ്ടി ഈ വിദഗ്ധന്മാർ എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. യൂറോപ്യൻ രാജ്യത്തുനിന്നും വിദഗ്ധനായ ഒരാൾ ഈയിടെ ഇവിടെവന്നു തിരുവിതാംകൂറിലെ പഴവർഗ്ഗങ്ങളുടെ സമർത്ഥികണ്ടു അവയൂറോപ്യൻ രാജ്യങ്ങളിലേക്കു സപ്ലൈ ചെയ്യാൻ സാധിക്കുമെന്നു അഭിപ്രായപ്പെട്ടതായി ഒരാഴ്ചക്കുമുമ്പ് ഞാൻ പേപ്പറിൽ വായിക്കുകയുണ്ടായി. ഇവിടത്തെ പ്രകൃതിവിഭവങ്ങളെ ഒന്നുകൂടി നന്നാക്കി ആവശ്യമുള്ള പഴങ്ങൾ ഇവിടെനിന്നും യൂറോപ്യൻരാജ്യത്തിലേക്കു കയറ്റി അയയ്ക്കാവുന്നതാണ്. ഈ മാതിരി ഈ നാട്ടിലുണ്ടാകുന്ന സാധനങ്ങളെക്കൊണ്ടു വ്യവസായം നടത്തുന്നതിനു ഡിപ്പാർട്ടുമെൻറിൽനിന്നും യാതൊന്നും പ്രവൃത്തിക്കാതിരിക്കുന്നതിനെപ്പറ്റി വ്യസനിക്കാതെ നിവൃത്തിയില്ല. നമ്മുടെ നാട്ടിലുണ്ടാകുന്ന സാധനങ്ങൾക്കു കൂടുതൽ വിലകിട്ടുന്നതിനു പരിശ്രമിക്കണം. ഈ ഡിപ്പാർട്ടുമെൻറു വകയായി ഒരു വ്യവസായശാല ബ്രിട്ടീഷ് ഇൻഡ്യയിൽ തുറക്കുന്നതിനു ഉദ്ദേശിക്കുന്നു എന്നു കേൾക്കുന്നുണ്ട്. ഇവിടെനിന്നും അയക്കുന്ന കയറുമതിയിൽ എൺപതു ശതമാനം ചിലവാകുന്നതു ബ്രിട്ടീഷ് ഇൻഡ്യയിലാണ്. യൂറോപ്പ് അമേരിക്ക മുതലായരാജ്യങ്ങളിലല്ലാ നാം കച്ചവടഏജൻറിനെ നിയമിക്കേണ്ടതു്. ബ്രിട്ടീഷ് ഇൻഡ്യയിലാണ്. നമ്മുടെ വിഭവങ്ങളെപ്പറ്റി ബ്രിട്ടീഷ് ഇൻഡ്യയിലെ ജനസാമാന്യത്തിനു നല്ലവണ്ണം അറിവുകൊടുക്കണം. എന്തെല്ലാം വിഭവങ്ങളാണു ഇവിടെ ഉണ്ടാകുന്നതെന്നും അതിൻറെ ഉപയോഗമെന്താണെന്നും ബ്രിട്ടീഷ് ഇൻഡ്യാക്കാരെ മനസ്സിലാക്കുകയാണ് ഈ വ്യവസായശാലകൊണ്ടു (ഡിപ്പാർട്ടുമെൻറ്) ചെയ്യേണ്ടതു്. ഈ സംഗതികളിലെല്ലാം വ്യവസായഡയറക്ടർ ഗാഢമായി ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു.

MR. J. JOHN KATTAKAYAM : സർ, ആഡംബരത്തിനുവേണ്ടി പുലമ്പിവരുന്ന ഒരു ഡിപ്പാർട്ടുമെൻറാണു് വ്യവസായഡിപ്പാർട്ടുമെൻറ്. നമ്മുടെനാട്ടിൽ പലതരത്തിലുള്ള അസംസ്കൃതസാധനങ്ങളും ഉണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻറെ അനേകകാലത്തെ പ്രവൃത്തികൊണ്ടു എന്താണു സാധിച്ചിട്ടുള്ളതു്? ജനങ്ങളും നട്ടെല്ലൊടിച്ചു ഉണ്ടാക്കിവരുന്ന ധനത്തെ ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി വെറുതെ ചിലവാക്കാമെന്നല്ലാതെ അതുകൊണ്ടു യാതൊരുപ്രയോജനവും ഉണ്ടെന്നുതോന്നുന്നില്ല. ഒരു വ്യാഴവട്ടക്കാലത്തിലധികമായി ഈ ഡിപ്പാർട്ടുമെൻറിൽനിന്നും അനവധി പരീക്ഷണങ്ങൾ നടത്തിവരുന്നു. അതുകൊണ്ടുള്ള ഫലം എന്താണു്? ജനങ്ങളെ ഞെക്കിപ്പിഴിഞ്ഞെടുക്കുന്ന പണം ഇതിനുവേണ്ടി ചിലവാക്കിവരുന്നതല്ലാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

തെ ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു പറയത്തക്ക ഗുണമൊന്നും ഉണ്ടായിട്ടി ല്ല. ഈ നാട്ടുകാർ ന്യൂറിനൻ ഭൂരിപക്ഷം പേരും കൃഷിയെഅടിസ്ഥാനമാക്കി ജീവി ക്കുന്നവരാണു. അവക്കു വ്യവസായവിഷയത്തിൽ പരിജ്ഞാനമൊ അഭിരു ചിയൊ ഇല്ല. കൃഷിക്കുടാതെ ഇതരതൊഴിലുകൾക്കുടി രാജ്യത്തു വ്യാപരി പ്പിച്ചെങ്കിൽമാത്രമെ ജനങ്ങൾക്കു അതുകൊണ്ടു ഉപയോഗമുണ്ടാകയുള്ളു. അതിലെക്കുവേണ്ടി യാതൊരുപ്രവൃത്തിയും നടത്താതെയിരിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിനെ ഇനിയും പുലത്തിക്കൊണ്ടുപോകുന്നതായാൽ അതു നിമിത്തം ജനങ്ങൾക്കു വലിയവിഷമം ഉണ്ടായിത്തീരുന്നതാണു്. അടുത്ത കാലത്തു വ്യവസായഡയറക്ടറായി ഒരു നല്ലവിദഗ്ദ്ധനെ കിട്ടിയിട്ടുണ്ടു് എന്നുള്ള സംഗതി വാസ്തവമാണു്. അങ്ങനെയുള്ള വിദഗ്ദ്ധനെക്കൊണ്ടു് മുമ്പിലത്തേക്കാൾ കൂടുതൽ പ്രയോജനം ജനങ്ങൾക്കു കിട്ടിയിട്ടില്ല. അതുമായി മി. ബാർക്കർ എന്നൊരു വിദഗ്ദ്ധനെയാണു് ഈ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനായി നിയമിച്ചതു്. തന്നിമിത്തം എന്തെല്ലാം കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് ഇവിടെയുള്ള മിക്കസ്നേഹിതന്മാർക്കും അറിയാവുന്നതാണു്. ഗവണ്മെൻറു ഈ ഡിപ്പാർട്ടുമെൻറിനെപ്പറ്റി അവധാനപൂർവ്വം ചിന്തിക്കേണ്ടതാണു്.

MR. KALLUR NARAYANA PILLAI: മുമ്പു് ഉണ്ടായിട്ടുള്ള അനുഭവത്തെ സൂചിപ്പിച്ചാണോ മെമ്പർ അഭിപ്രായപ്പെട്ടുന്നതു്?

MR. J. JOHN KATTAKAYAM: അതെ, ഇപ്പോഴത്തെ വിദഗ്ദ്ധനെപ്പറ്റി ഞാൻ ഒന്നുതന്നെസൂചിപ്പിച്ചിട്ടില്ല.

പലയൂറോപ്യന്മാരേയും ആകർഷിച്ചിട്ടുള്ളതാണു് ഈ ഭാരതഖണ്ഡം. ഇത്രസുലഭമായി അസംസ്കൃതസാധനങ്ങൾ കിട്ടുന്ന ഒരുസ്ഥലം വേറെ ഇല്ല. ഈ അസംസ്കൃതസാധനങ്ങളെക്കൊണ്ടു ശരിയായവ്യവസായങ്ങൾ നടത്തുന്നതിനു ഈ വിദഗ്ദ്ധന്മാർക്കു കഴിഞ്ഞിട്ടില്ലെങ്കിൽ അവരെക്കൊണ്ടു്പിന്നെ എന്താണുപ്രയോജനം. എന്തെങ്കിലും ഒരു വ്യവസായം ആദായപ്രദമായവിധം നടത്തുന്നു എന്നുകണ്ടാൽ അവർക്കു ഇപ്പോഴത്തേതിൽ ഇരട്ടി ശമ്പളം കൊടുക്കുന്നതിനുപോലും വിരോധമില്ല. ആ വ്യവസായങ്ങൾകൊണ്ടു് ജനങ്ങൾക്കു സാരതരമായ എന്തെങ്കിലും ഗുണമുണ്ടെന്നുകണ്ടാൽ ഇന്നത്തേതിൽ നാലിരട്ടിയൊ അഞ്ചിരട്ടിയൊ ശമ്പളം അവർക്കു കൊടുക്കാവുന്നതാണു്. അതൊന്നും ഇല്ലാതെ ഒരു വമ്പിച്ച തുക പ്രതിവർഷം ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി ചിലവാക്കുന്നതു് സങ്കടകരമായിട്ടുള്ള ഒരു സംഗതിയാണു്. അതിനാൽ ഈ ഡിപ്പാർട്ടുമെൻറിനെ കുഴിയുന്നതും വേഗത്തിൽ പിരിച്ചുവിടണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. M. GOVINDAN : Sir, I am not for abolishing the department altogether as suggested by my friend Mr. John Kattakayam. I was listening to Mr. Visvanatha Pillai's suggestions with great interest. Many of them are extremely useful. It is the duty of the Industries Department to take note of them and do something in the direction suggested so as to improve the condition of our ryots by enabling them to get better prices for our agricultural products.

I wish to make one suggestion, Sir. We are purchasing large quantities of Mobile oil from outside. Motor industry has grown to a very large extent in this State. It may be cocoanut oil that is coming back transformed probably as Mobile oil. Government should appoint one of their experts or get down somebody at some cost to enquire whether our cocoanut oil cannot be converted into Mobile oil here. Perhaps it may be a simple process and may result in a large profit to the Travancore cultivator. That is one point

I cannot close my observations without referring to the very unsatisfactory manner in which the department is at present working.

It is with a view to attract the attention of the present head of the department that I am saying this. I read the order of the Government on the report of the department with care and I find that the directions given a decade ago have not been followed. There has not been a definite programme of work for some of the experts. The Industrial Chemist for example seems to have been working in a haphazard fashion without any definite programme, conducting one examination at one time and another at another time without any definite scheme set before him. The Government have pointed out that in their review on the report. I am sure the present head of the department will pay particular attention to this and do everything necessary to make the department useful to the people.

MR. C. M. JOSEPH : വ്യവസായഡിപ്പാർട്ടുമെൻറിനെ ഉടൻതന്നെ പരിച്ചുവിടണം എന്ന് പ്രസ്താവിച്ച സ്നേഹിതൻറെ അഭിപ്രായത്തോടുകൂടി എനിക്കുയോജിക്കാൻ നിവൃത്തിയില്ല. ഈ വ്യവസായഡിപ്പാർട്ടുമെൻറു ഒന്നുമാത്രമല്ലാതെ നമ്മുടെ ഇന്നത്തെ സാമ്പത്തിക അധഃപതനത്തിൻറെ പരിഹാരത്തിനു് വേറെയാതൊരു മാർഗ്ഗവും ഇല്ലെന്നാണ് എൻറെ അഭിപ്രായം. ഒരുപക്ഷേ വ്യവസായഡിപ്പാർമെൻറു കൊണ്ടു ഉദ്ദേശിച്ചഫലം ഈ ചുരുങ്ങിയകാലത്തിനിടക്കു വന്നില്ലെങ്കിൽ അതിനു ഡിപ്പാർട്ടുമെൻറു മേധാവികളെ കുറ്റം പറയേണ്ട ആവശ്യം ഇല്ല. അവർ ഉദ്ദേശിക്കുന്ന തരത്തിലുള്ള സ്കീംസ്സു നടപ്പിൽ വരുത്തുന്നതിനു ഗവണ്മെൻറിൻറെ ധനസ്ഥിതി അനുവദിക്കാത്തതുകൊണ്ടോ, ഗവണ്മെൻറിൻറെ മനസ്ഥിതി അനുവദിക്കാത്തതുകൊണ്ടോ, ആയിരിക്കും സാധിക്കാതെ വന്നിട്ടുള്ളതു്. ഇന്നത്തെ കാലസ്ഥിതിക്കു് കൃഷിക്കാക്കു ഈ വ്യവസായഡിപ്പാർട്ടുമെൻറല്ലാതെ വേറെയാതൊരാശ്വ

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. M. Joseph.]

യവും ഇല്ല. റബ്ബർ കൃഷികൊണ്ടു കഷ്ടത അനുഭവിക്കുന്നവർ ഈ നാട്ടുകാരെപ്പോലെ വേറെ ആരും ഇല്ല. റബ്ബർവ്യവസായത്തിനു ഈ അടുത്ത കാലത്തുതന്നെ ഒരുനല്ല നില ഉണ്ടാകാതിരിക്കയില്ല. ആ അവസരത്തിൽ റബ്ബർകൊണ്ടു പലതരത്തിലുള്ള വ്യവസായങ്ങളും നടത്താവുന്നതാണ്.

Mr. J. JOHN KATTAKAYAM : റബ്ബർ വ്യവസായം നടത്തണമെങ്കിൽ അതിലേക്ക് എന്തു ചിലവുവരുമെന്നറിയാമോ?

Mr. C. M. JOSEPH : അതിലേക്കു ഗവണ്മെൻറിന്റെ ധനം മുഴുവൻ ചിലവാക്കിയാലും തരക്കേടില്ലാ എന്നാണ് എന്റെ അഭിപ്രായം.

Mr. J. JOHN KATTAKAYAM : ഇൻഡ്യയിൽ എവിടെഎങ്കിലും ഗവണ്മെൻറിൽനിന്നുംഇങ്ങനെ വ്യവസായം നടത്തുന്നതായിഅറിയാമോ?

Mr. C. M. JOSEPH : നടത്തിയിട്ടില്ലെങ്കിൽ അങ്ങനെ നടത്തണമെന്നാണ് എന്റെ അഭിപ്രായം.

Mr. J. JOHN KATTAKAYAM: അതിനുതക്ക ശക്തി ഗവണ്മെൻറിനു ഇപ്പോൾ ഉണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

Mr. C. M. JOSEPH : ഗവണ്മെൻറിനു ശക്തിയില്ലെങ്കിൽ ജനങ്ങൾ അതിനുവേണ്ട ശക്തി ഗവണ്മെൻറിനുണ്ടാക്കികൊടുക്കണം.

Mr. J. JOHN KATTAKAYAM: അതു എങ്ങിനെ എന്നു പറയാമോ?

Mr. C. M. JOSEPH : അതിനെപ്പറ്റിആലോചിക്കുന്നതിനുള്ള സന്ദർഭം വരുമ്പോൾ എങ്ങിനെ വേണമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളാം.

Mr. A. N. VISVANATHA PILLAI : മൈസൂർഗവണ്മെൻറിൽനിന്നും ചില വ്യവസായശാലകൾ നടത്തിവരുന്നതായി അറിയാമോ?

Mr. C. M. JOSEPH : അറിയാം.

Mr. A. N. VISVANATHA PILLAI: മദ്രാസ്സ് ഗവണ്മെൻറു ഒരു സോപ്പു വ്യവസായശാല കോഴിക്കോട്ടു നടത്തിവരുന്നതായി അറിയാമോ?

Mr. C. M. JOSEPH : അറിയാം. ഗവണ്മെൻറുംജനങ്ങളുംകൂടിയോജിച്ചുവ്യവസായം നടത്തുന്നതായാൽ അതു വിജയകരമായി പരിണമിക്കുന്നതാണ്. ഗവണ്മെൻറിനുള്ള ഭാരത്തിൽനിന്നു ജനങ്ങൾ പരിഹരിക്കണം.

Mr. J. JOHN KATTAKAYAM: അങ്ങനെ ചെയ്യുന്നതിനു ജനങ്ങൾക്കു പ്രാപ്തിയുണ്ടോ?

Mr. C. M. JOSEPH: പ്രാപ്തിയുള്ളവരും ഉണ്ട്.

Mr. KOMILEZHATHU SANKARAN : തക്കലെ നടത്തിവരുന്ന പഞ്ചസാരക്കമ്പനി ആദ്യം വ്യവസായഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിലാണു നടത്തിവന്നതെന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. C. M. JOSEPH: അറിയാം.

MR. KOMILEZHATHU SANKARAN: തന്നിമിത്തമുള്ള ഫലം എന്തായിരുന്നു?

MR. C. M. JOSEPH: അപ്പോൾ ആദായകരം അല്ലായിരുന്നു എങ്കിലും ഇപ്പോൾ അതു് അഭിവൃദ്ധിപ്പെട്ടുവരുന്നുണ്ടു്.

MR. KOMILEZHATHU SANKARAN: പഞ്ചസാര ഉണ്ടാക്കുന്നതിനു ആവശ്യമുള്ള കരുപ്പട്ടി ഇപ്പോൾ ഇവിടെ ഉള്ളതുകൊണ്ടു മതിയാകുകയില്ലാ എന്നു അറിയാമോ?

MR. C. M. JOSEPH: അറിയാം അങ്ങനെയുള്ള തൊഴിലുകളെ വളർത്തിക്കണമെന്നാണു ഞാൻ പറയുന്നതു്.

MR. KOMILEZHATHU SANKARAN: തെങ്ങിൽനിന്നു കരുപ്പട്ടി ഉണ്ടാക്കിയാൽ ആ കറവ് പരിഹരിക്കപ്പെടുകയില്ലേ?

MR. C. M. JOSEPH: അതെ, പരിഹരിക്കപ്പെടാം.

MR. P. PADMANABHAN TAMPI: തെങ്ങിൻകള്ളു് എടുത്തുവരുന്ന ആളുകൾ ഇപ്പോൾ വളരെ കുറവാണു് എന്നു് അറിയാമോ?

MR. C. M. JOSEPH: അതിനെപ്പറ്റി അറിഞ്ഞുകൂടാ.

MR. KOMILEZHATHU SANKARAN: ചെത്തുന്നതിനുള്ള ലൈസൻസുകൊടുത്താൽ ചെത്തുകാരെ ധാരാളം കിട്ടുമെന്നു മെംബർ വിചാരിക്കുന്നില്ലേ?

MR. C. M. JOSEPH: അതിനെപ്പറ്റിയുള്ള ശരിയായ വിവരം എനിക്കു അറിഞ്ഞുകൂടാ.

MR. KOMILEZHATHU SANKARAN: കിട്ടും എന്നു ഞാൻ പറയുന്നതിനെ മെമ്പർക്കു വിശ്വസിക്കാമോ?

MR. C. M. JOSEPH: വിശ്വസിക്കാം.

ഈവക സംഗതികളിൽ വ്യവസായഡയറക്ടർ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. N. K. PADMANABHA PILLAI (*Director of Industries*): Sir, on the whole from the discussion in the Council, I conclude that the whole is an advice given to me personally as to what I should do in the matter of developing the industries of Travancore.

Mr. Padmanabha Pillai pointed out that there are some experts in the department and their pay must be reduced. He also pointed out that it is possible to get men for lesser amount. Personally, I do not think if we are to advertise for any of these posts we may be in a position to get experts with sufficient qualification and experience for the

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. K. Padmanabha Pillai.]

present salary paid to these experts. These experts are now engaged in developing various industries in Travancore. In fact the following are some of the industries which we have introduced and trying to develop and demonstrate the same throughout Travancore. I see that they are taken up by the people :—weaving, both by means of hand and power looms, dyeing, calico-printing, embroidery and needle work, carpet and durry-making, rattan and basket making, ivory and wood carving, kuftghari and silver smithy, carpentry and several other industries. In fact the experts entertained by the department are looking after the development of one industry or the other. They are also engaged in collecting information and publishing them in the shape of pamphlets and bulletins. They also go round and meet people in various parts of the country and give them the necessary assistance in the starting of these industries, and various other allied industries.

Mr. Visvanatha Pillai pointed out the necessity for the starting of some industries with cocoanut oil. He rightly pointed out that a lot of our cocoanut oil goes out of our country and comes in the shape of hair oils. In fact the demand for hair oil is not great in Travancore. No doubt, we can produce these oils and send them out to different parts of India. The Tata Oil Mills actually started this hair oil industry and they are producing it on a large scale and are available in the market. In fact they are utilising our copra and cocoanut oil for the preparation of hair oils. If our people are prepared to start hair oil industry, Government are prepared to help them by giving information as to how to remove the odour of the oil and prepare hair oils by using perfumes.

There are some established factories for soap making in Trivandrum and we have been trying to assist them by technical advice. Recently the department sold a boiler for a nominal price to one of the soap factories with a view to improve the quality of soap manufactured in Trivandrum. Till now, no boiled soaps are manufactured in Trivandrum. Another person has come forward to start a Soap factory at Alleppey. He was working in the Calicut Soap Factory and he has applied for Government assistance. Government are considering his application.

As regards the carpet and durry section, I have just started that particular section in the School of Arts premises and a qualified man has been got down from Madras just to train some people in this industries and after their training we will be in a position to send them to those who wish to start these particular industries as the object of the department is to supply trained labour to the industrialists and factory owners.

Many members have pointed out that rubber goods could be manufactured in Travancore. They are turning their attention in the manufacture of rubber goods, simply because the price of rubber has gone down. Till now, nobody ever thought of producing rubber articles in Travancore. I am glad to inform the members that the price of rubber

LIBRARY ARCHIVES Kerala Legislative Assembly

is increasing slightly. Recently, when I was in upper India I went to a rubber factory in Karachi. I give this information as one of the members asked whether there is rubber industry in India. The factory is in Karachi, called the Lakshmy Rubber Factory and is producing cycle tubes and solid tyers and other tubes for laboratory purposes. I am in communication with one Mr. Helen, a Belgian, who is an expert in that line and he has promised to give estimate for starting a rubber factory in Travancore, and it is likely that he may visit Travancore shortly. I have got some samples of tubes etc., made with our own rubber.

Then a word with regard to Mr. Visvanatha Pillai's statement about pottery. No doubt we have excellent clay in Travancore and we are hoping that the Standard Potteries at Alwaye will be developing the pottery section as they have engaged a special expert for the purpose. They have actually brought some of the pottery articles made there and exhibited them in one of the exhibitions in Trivandrum and they compare honourably with imported articles.

MR. M. N. PARAMESVARAN PILLAI: Does not the member think that the clay at Karumadi is suited for making pottery?

MR. N. K. PADMANABHA PILLAI: We have not tried this particular clay and we can find out whether it is suitable or not. The question of the availability of clay in a particular place is not alone sufficient. It must be in the proximity of the factory. For example, if we are to bring clay from Karumadi all the way to Trivandrum and get firewood from some other place, it may not be a paying proposition. The kiln must be constructed on a high level. The Karumadi area is not suitable for the construction of kiln for this pottery industry.

MR. K. K. THOMAS (*Nominated*): Have the Government tried to find out a market for our raw produce in India?

MR. N. K. PADMANABHA PILLAI: I am coming to that.

Mr. Visvanatha Pillai asked whether the department has done anything for the match industry. Originally there were two match factories started, one in North Travancore and another at Tenmalai.

MR. A. N. VISVANATHA PILLAI: തീപ്പെട്ടി വ്യവസായത്തെ കുടിൽ വ്യവസായം ആക്കരുതോ?

MR. N. K. PADMANABHA PILLAI: I am coming to that too. In fact, with a view to help the development of the match industry as a cottage industry, we have been trying to induce a good many people in Alleppey, Vaikam and Parur to start small factories of their own. We have even given an industrial loan to a person, in Alleppey who used to distribute chemicals and sticks required to the cottag workers. Matches are being made on a fairly large scale as a cottage industry; and as a matter of fact, the matches are available through out the State and they are being sold in our various departments and in the bazaar.

LIBRARY ARCHIVES Kerala Legislative Assembly

MR. A. N. VISVANATHA PILLAI: തിപ്പെട്ടിഉണ്ടാക്കുന്ന ഇടുക്കിൽ സ്റ്റിക്കിൽ പശതേച്ചാൽ നന്നായിരിക്കുകയില്ലെ?

MR. N. K. PADMANABHA PILLAI: പനയോലയുടെ ഇടുക്കിൽകൊണ്ട് തീപ്പെട്ടിക്കോൽ ഉണ്ടാക്കാമോഎന്നു പരീക്ഷിച്ചുനോക്കിയതിൽ ഉപയോഗമില്ലെന്നു കണ്ട് അതിനെ ഉപേക്ഷിച്ചു.

With regard to the question whether the Government are doing anything in the way of finding out markets in India for Travancore products. I may mention here, Sir, that I myself was deputed by Government to investigate the question. I have just returned, establishing trade relations between Travancore and British India. I had to attend the meetings of the Assembly and the Council soon after my return, and therefore could not submit my report till now. I may mention, for the information of the House, that there is scope for the introduction of our raw and manufactured products in British India. There is market in Karachi, for instance, for our China clay, rubber, tea and other products. They use our rubber in the Lakshmi Rubber factory and they are prepared to use our China clay as well.

MR. M. GOVINDAN: May I know whether the experts in the department are working with any definite programme now?

MR. N. K. PADMANABHA PILLAI: They *are*. The learned members have referred to the review of the Administration Report for the year 1107. The criticisms to a certain extent are a review of the work of the department of Industries and I consider that they are intended for my guidance and that I must regulate the work of these experts. I have already pointed out the progress made by starting some of the industries in the State through the experts of the department and by its staff. All that is due to the work done by these experts. I have been trying my level best to give effect to the orders of Government and to the opinions expressed in this House and I shall try my best to see that the experts under me do some constructive work for the development of industries in Travancore.

PRESIDENT: I put it that Demand No. IV—Industries for Rs. 1,59,644, be passed.

The grant was made.

DEMAND V—EDUCATION.

MR. K. GEORGE: Sir, I rise to move for a grant not exceeding Rs. 45,75,457, under Demand V—Education.

MR. KOCHIKAL P. BALAKRISHNAN TAMPI: Sir, I beg to make the following motion:

"To omit the total allotment of Rs. 45,75,457 under Demand V".

LIBRARY ARCHIVES Kerala Legislative Assembly